## ഗ്രാമവികസന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം

50 (1448) ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിന് 2014-15 സാമ്പത്തിക വർഷത്തേക്ക് ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയാണ് ;

(ബി) ഇതിൽ അവസാന റിപ്പോർട്ട് പ്രകാരം എത്ര തുക ചെലവഴിച്ചു ; ചെലവഴിച്ച തുക ശതമാനത്തിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഗ്രാമവികസ വകുപ്പിന് 36167.20 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ബി) 28-2-2015 വരെയുള്ള കണക്കുകൾ പ്രകാരം, അനുവദിച്ച തുകയിൽ മുൻവർഷ നീക്കിയിരുപ്പ് തുകയും ഉൾപ്പെടെ ആകെ ലഭ്യമായ 2,36,895.88 ലക്ഷം രൂപയിൽ നിന്നും 1,74,781.78 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ

51 (T1449) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ധനകാര്യ കമ്മീഷന് മുൻപിൽ സംസ്ഥാനം എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത് ;

(സി) സംസ്ഥാനം ഉന്നയിച്ച ഏതെല്ലാം ആവശ്യങ്ങളാണ് ധനകാര്യ കമ്മീഷന്റെ ശുപാർശയിൽ ഉള്ളത് ;

(ഡി) സംസ്ഥാനം ഉന്നയിച്ച മുഴുവൻ ആവശ്യങ്ങളും നേടിയെടുക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനങ്ങളുടെ നികുതി വിഹിതം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് എന്നിവ സംബന്ധിച്ച ശുപാർശകൾ കേന്ദ്രസർക്കാർ പൂർണ്ണമായും അംഗീകരിച്ചിട്ടുണ്ട്. ദുരന്ത നിവാരണത്തിനുള്ള ഗ്രാന്റ് സംബന്ധിച്ച ശുപാർശ ചില ഭേദഗതികളോടെ അംഗീകരിച്ചിട്ടുണ്ട്. റവന്യൂ കമ്മി ഗ്രാന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. മറ്റ് ശിപാർശകൾ ഉചിതമായ സമയത്ത് പരിശോധിച്ച് തീരുമാനിക്കുമെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ പതിനാലാം ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽനിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണം.

2. മൂന്നുവർഷത്തിലേറെയായി നിലവിലുള്ള സെസ്സുകളും സർചാർജ്ജുകളും വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടു വരണം.

3. കേന്ദ്ര റവന്യൂ വരുമാനത്തിൽ വിവിധ ഇളവുകൾക്കായി മാറ്റിവയ്ക്കുന്ന തുകയുടെ (Reveneu foregone) തോത് മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ നിലവിലുള്ള 6 ശതമാനത്തിൽനിന്നും 3 ശതമാനമായി കുറയ്ക്കണം.

4. സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യക്ക് (1971-ലെ) മുൻതൂക്കം നൽകണം. വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവത്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവ കൂടി കണക്കിൽ എടുത്തുകൊണ്ട് ജനസംഖ്യയെ ക്രമപ്പെടുത്തണം.

5. മുൻകാല കേന്ദ്ര വായ്പകളും അതിൻമേലുള്ള പലിശയും എഴുതിത്തള്ളണം.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിന്റെ 5 ശതമാനമായി വർദ്ധിപ്പിക്കണം.

7. യഥാർത്ഥ വരുമാന കമ്മി (Effective Revenue Deficit) (മൂലധന ആസ്തികൾ വർദ്ധിപ്പിക്കുന്നതിനുള്ള ഗ്രാന്റ് കഴിച്ചുള്ള അറ്റ റവന്യൂ കമ്മി) ഒരു fiscal indicator ആയി പരിഗണിക്കപ്പെടണം.

8. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 1.5 ശതമാനമായി നിജപ്പെടുത്തിക്കൊണ്ട് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യം പുനഃക്രമീകരിക്കുകയും ആയത് 5 വർഷത്തിലൊരിക്കൽ അവലോകനം നടത്തേണ്ടതുമാണ്.

9. വന വിഭവങ്ങളിൽ നിന്നുള്ള വരുമാന നഷ്ടവും ഉയർന്ന കാർബൺ നിക്ഷേപവും കണക്കിലെടുത്തുകൊണ്ട് വന സംരക്ഷണ പ്രവർത്തനങ്ങൾക്കായി കേരളത്തിന് അർഹമായ സാമ്പത്തിക സഹായം നൽകണം.

10. ചതുപ്പ് നിലങ്ങളുടെ സംരക്ഷണത്തിനും തീരദേശപരിപാലനത്തിനും വേണ്ടത്ര പരിഗണന നൽകണം.

11. പദ്ധതിയേതര റവന്യൂ കമ്മി നികത്തുന്നതിന് ഭരണഘടനയുടെ അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണം. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 15575 കോടി രൂപയുടെ ധനസഹായം ഭരണഘടനയുടെ അനുച്ഛേദം 275 പ്രകാരം അനുവദിക്കണം.

12. സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിലെ നിലവിലെ വിഹിതം 30 ശതമാനം കണ്ട് വർദ്ധിപ്പിക്കുകയും നിവാരണ ഫണ്ടിലെ കേന്ദ്ര വിഹിതം നിലവിലെ 75 ശതമാനത്തിൽനിന്നും 90 ശതമാനം ആയി വർദ്ധിപ്പിക്കുകയും ചെയ്യണം.

(സി) 1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ 2.5 ശതമാനം തുക (സർവ്വീസ് ടാക്സ് ഒഴികെ )കേരളത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. സംസ്ഥാനങ്ങൾക്കിടയിൽ നികതി വിഭജിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യക്ക് (1971 അടിസ്ഥാനമാക്കിയുള്ള) മുൻതൂക്കം നൽകണമെന്നും ജനസംഖ്യയോടൊപ്പം വനപ്രദേശം കൂടി കണക്കിലെടുക്കണമെന്നും കേരളം ആവശ്യപ്പെട്ടിരുന്നു. എന്നാൽ 1971-ലെ ജനസംഖ്യക്ക് 17.5 ശതമാനം വെയിറ്റേജ് മാത്രമാണ് നൽകിയിട്ടുള്ളത്. വനവിസ്തൃതി ഒരു മാനദണ്ഡമായി പരിഗണിക്കുകയും അതിന് 7.5 ശതമാനം വെയിറ്റേജും നൽകിയിട്ടുണ്ട്. ധന അച്ചടക്കം, നികുതി കാര്യക്ഷമത (Tax effort) എന്നിവ മാനദണ്ഡമാക്കരുതെന്ന കേരളത്തിന്റെ ആവശ്യം അംഗീകരിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

3. റവന്യൂ കമ്മി ഗ്രാന്റായി കമ്മീഷന്റെ ആദ്യ മൂന്ന്വർഷത്തേക്ക് 9519 കോടി രൂപ ശിപാർശ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് 7681.95 കോടി രൂപയും ദുരന്ത നിവാരണത്തിന് 764.25 കോടി രൂപയും 2015-20 കാലയളവിൽ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

4. ദുരന്ത നിവാരണ ഫണ്ടിലെ കേന്ദ്ര വിഹിതം നിലവിലെ 75 ശതമാനത്തിൽ നിന്നും 90 ശതമാനമായി വർദ്ധിപ്പിക്കണമെന്ന സംസ്ഥാന ആവശ്യം ധനകാര്യ കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഈ ശിപാർശ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. GST നടപ്പിലാക്കിയതിനുശേഷം ഈ ശിപാർശ പൂർണ്ണമായും നടപ്പിലാക്കുമെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) പതിനാലാം ധനകാര്യ കമ്മീഷൻ സമർപ്പിച്ച നിവേദനത്തിൽ ഉൾപ്പെടുത്തിയതും എന്നാൽ പരിഗണിക്കപ്പെടാത്തതുമായി എല്ലാ ആവശ്യങ്ങളും കേന്ദ്ര സർക്കാരിന് മുന്നിൽ വീണ്ടും ഉന്നയിച്ച് നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## നബാർഡ് പദ്ധതികൾ വഴി കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചെലവഴിച്ച തുക

52 (1450) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നബാർഡ് പദ്ധതികൾ വഴി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഈ തുക ഏറ്റവും കൂടുതൽ ചെലവഴിച്ചത് ഏത് മണ്ഡലത്തിലാണെന്നും ഏതൊക്കെ പഞ്ചായത്തു കളിലാണെന്നും മണ്ഡലം /പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് പദ്ധതികൾ വഴി കണ്ണൂർ ജില്ലയിൽ 582.66 ലക്ഷം രൂപയും കാസർഗോഡ് ജില്ലയിൽ 294.69 ലക്ഷം രൂപയും ചെലവഴിച്ചു. കണ്ണൂർ ജില്ലയിൽ പേരാവൂർ മണ്ഡലത്തിൽ പേരാവൂർ ഗ്രാമപഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ ചെലവഴിച്ചത്. കാസർഗോഡ് ജില്ലയിൽ ഉദുമ മണ്ഡലത്തിൽ ദേലംപാടി ഗ്രാമപഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ ചെലവഴിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly